LIBRARY ARCHIVES Kerala Legislative Assembly

കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭാഗത്ത് അപ്രോച്ച് റോഡ്

302 (1336) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ ബാലുശ്ശേരി, കോട്ടൂർ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് രാമൻ പുഴയിൽ നിർമ്മിച്ച കോവിലകം താഴെ പാലം, കോട്ടൂർ ഗ്രാമപഞ്ചായത്ത് ഭാഗത്ത് അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ പ്രയോജനപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അപ്രോച്ച് റോഡിനു വേണ്ടി ഭൂമി അക്വയർ ചെയ്യുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ ;

(സി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന് കൈമാറിയ രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടി റവന്യൂ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. രേഖകളുടെ പകർപ്പ അനുബന്ധമായി ചേർക്കുന്നു.*

കഴക്കൂട്ടം-കോവളം ബൈപ്പാസ് ദർഘാസ് വിജ്ഞാപനം

303 (1337) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം-കോവളം ബൈപ്പാസ് നാല് വരിപ്പാതയാക്കാനുള്ള പ്രവൃത്തി ടെണ്ടർ വിജ്ഞാപനം ചെയ്തത് എന്നാണ് എന്നും ഏതെല്ലാം കോൺട്രാക്ടർമാർ ടെണ്ടറിൽ പങ്കെടുക്കുകയുണ്ടായെന്നും ക്വാളിഫൈ ചെയ്യപ്പെട്ടവർ ആരൊക്കെയെന്നും വിശദാംശം നൽകുമോ ;

(ബി) ക്വാട്ട് ചെയ്തവർ ഓരോരുത്തരും എത്ര തുക വീതമാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടത് എപ്പോഴായിരുന്നു ; തുക എത്രയായിരുന്നു ; എസ്റ്റിമേറ്റ് തുകയും വർക്ക് അവാർഡ് ചെയ്ത തുകയും എത്ര വീതമാണ് ; നിർമ്മാണത്തിന് എഗ്രിമെന്റ് വച്ച കമ്പനി ഏതാണ് ; വിശദമായ വിവരം നൽകുമോ ;

(ഡി) പ്രസ്തുത പ്രവൃത്തി നടത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക ഏത് ഹെഡ്ഡിൽ എത്രയായിരുന്നുവെന്ന വെളിപ്പെടുത്തുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.